**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യ മുക്തമാക്കുക എന്ന ഉദ്ദേശത്തോടുകൂടി "മാലിന്യ സംസ്കരണം" എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 3714/2017/തസ്വഭവ തിരുവനന്തപുരം, തീയതി 18.11.2017

---

പരാമർശം :- 1. ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.09.2017 ലെ കത്ത്

2.. 19.10.2017 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻകമ്മിറ്റിയുടെ പൊതു തീരുമാനം നമ്പർ 4.18

**<u>ഉത്തരവ്</u>**

ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യ മുക്തമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 2017-18 ൽ "മാലിന്യ സംസ്കരണം" എന്ന പേരിൽ 1350000/- രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ജില്ലാആസൂത്രണ സമിതിയുടെയും വെറ്റിങ് ഓഫീസറുടെയും അംഗീകാരം ലഭിച്ചിരുന്നു. എല്ലാ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ശേഖരിച്ച് കളക്ഷൻ സെന്ററുകളിൽ എത്തിച്ച് അവിടെ നിന്നും റീസൈക്ലിങിനായി ഏജൻസികൾക്ക് കൈമാറുക, പ്രധാന ജങ്ഷനുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ ബിന്നുകൾ സ്ഥാപിക്കുക, പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന് എല്ലാ വീടുകൾക്കും പേഴ് സ് പോലെ മടക്കി സൂക്ഷിക്കാവുന്നതും നിവർത്തി സഞ്ചി ആക്കാവുന്നതുമായ പരിസ്ഥിതി സൗഹൃദ ക്യാരി ബാഗ്, വലിയ ചണ സഞ്ചി എന്നിവ സൗജന്യമായി നൽകുക, മാലിന്യ നിക്ഷേപം നടത്തുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് പ്രധാന ജങ്ഷനുകളിൽ സി.സി ക്യാമറ സ്ഥാപിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്

2. എന്നാൽ ക്യാരി ബാഗ്, ചണ സഞ്ചി വിതരണം എന്നിവ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാലും ക്യാമറ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം വി ഇ ഒ യ്ക്ക് ഇല്ലാത്തതിനാലും ടി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ് എന്ന് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. തുടർന്ന് ജില്ലാ സാങ്കേതിക സമിതിക്ക് ആവശ്യമായ ഭേദഗതികൾക്ക് സമർപ്പിക്കുന്നതിനായി പ്രസ്തുത പദ്ധതി പ്ലാനിങ് ഓഫീസിൽ ലഭ്യമാക്കിയെങ്കിലും നൂതന സ്വഭാവമുള്ള പദ്ധതി അല്ലാത്തതിനാൽ ജില്ലാ സാങ്കേതിക സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ കഴിയില്ല എന്ന് പ്ലാനിങ് ഓഫീസിൽ നിന്നും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന് അത്യന്താപേക്ഷിതമായതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യ മുക്തമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 2017-18 ൽ "മാലിന്യ സംസ്കരണം" എന്ന പേരിൽ മേൽ പരാമർശിച്ച തരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിക്ക് പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
പ്രസിഡന്റ് / സെക്രട്ടറി ചമ്പക്കുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ